പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 184 — 4.5.2017 -ൽ മറുപടിയ്ക്ക്

## വിനോദസഞ്ചാര നയം

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. : | | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ,<br>( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി). |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഒരു പുതിയ വിനോദസഞ്ചാര നയം തയ്യാറായിട്ടുണ്ടോ; | എ) യും ബി) യും | 2012-ൽ പുറപ്പെടുവിച്ച ടൂറിസം നയത്തിന്മേൽ, ആവശ്യമായതും കാലോചിതവുമായ മാറ്റങ്ങൾ വരുത്തി പുതുതായി വേണ്ട ഘടകങ്ങൾ ഉൾപ്പെടുത്തി ടൂറിസം വികസനത്തിനായുള്ള സമഗ്ര നയം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു. |
| ബി) | ഉണ്ടെങ്കിൽ പ്രസ്തുത നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയിക്കുമോ; | | |
| സി) | വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കുമോ; | സി) | സംസ്ഥാനത്തെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ആഭ്യന്തര വകുപ്പിൽ നിന്നും പ്രത്യേക പരിശീലനം നൽകിയ 180 ടൂറിസം പോലീസ് ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ വിവിധ ബീച്ചുകളിലായി വിഗദ്ധപരിശീലനം ലഭിച്ച 137 ലൈഫ് ഗാർഡ് മാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. 20 ലൈഫ് ഗാർഡുമാരെ പുതുതായി നിയമിക്കാനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ പോലീസ് എയ്ഡ് പോസ്റ്റും സ്ഥാപിച്ചിട്ടുണ്ട്. അപായസൂചികകൾ, മറ്റ് മുന്നറിയിപ്പ് ബോർഡുകൾ, ജാഗ്രതാ നിർദ്ദേശങ്ങൾ എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്. |
| ഡി) | ടൂറിസവ്യവസായ വികസനത്തിന് എന്തൊക്കെ നടപടികളാണ് ആലോചിക്കുന്നതെന്ന് വിശദമാക്കുമോ? | ഡി) | • കേരള ടൂറിസം വിപണി വിപുലീകരിക്കുന്നതിനായി വിദേശ രാജ്യങ്ങളിൽ റോഡ് ഷോകളും ട്രേഡ് ഫെയറുകളും സംഘടിപ്പിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | • ഉത്തരവാദിത്ത ടൂറിസം സംസ്ഥാന വ്യാപകമാക്കുന്നതിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾക്കും തുടക്കം കുറിച്ചിട്ടുണ്ട്.<br>• കേരളത്തെ വിവാഹ/MICE ടൂറിസത്തിന്റെ പ്രധാന ലക്ഷ്യസ്ഥാനമായി മാറ്റുന്നതിനുള്ള ഓൺലൈൻ/ഓഫ് ലൈൻ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു.<br>• നവ മാധ്യമങ്ങളുടെ സഹായത്തോടെ കേരളത്തിന്റെ ടൂറിസം സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br>• കേരള ബ്ലോഗ് എക്സ്പ്രസ് പോലുള്ള നവീന മാർക്കറ്റിംഗ് തന്ത്രങ്ങൾ നടപ്പാക്കി വരുന്നു.<br>• വിനോദസഞ്ചാരികളെയും കലാസ്വാദകരേയും ആകർഷിക്കുന്നതിനായി കൊച്ചി ബിനാലെ കേരള ടൂറിസത്തിന്റെ സഹകരണത്തോടെ സംഘടിപ്പിച്ചു വരുന്നു.<br>• ടൂറിസം സെന്ററുകളിൽ അടിസ്ഥാന സൗകര്യങ്ങളും മറ്റ് പദ്ധതികളും സമയബന്ധിതമായി നടപ്പിലാക്കുന്ന സമഗ്ര ടൂറിസം വികസന പദ്ധതിയായ ഗ്രീൻ കാർപ്പറ്റ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ